# ധാർമികതയുടെ
# പ്രത്യയശാസ്ത്രവൽകരണം

അടക്കാനാകാത്ത വാതിലുകൾ ഒരിക്കലും തുറക്കരുത്. തിരിച്ചുപിടിക്കാനാകാത്ത കല്ലും എറിയരുത്. തന്റെ ചെയ്തിയെക്കുറിച്ച ബോധവും പരിണതിയെക്കുറിച്ച വീണ്ടുവിചാരവും അവിടെ അനിവാര്യമാണ്. അതാണ് ബുദ്ധി.

സ്വേഛക്കനുസൃതമായി മൂല്യങ്ങളെ മാറ്റിമറിക്കുന്നത് അക്രമമാകുന്നു. ഇത് ഈ പംക്തി യിൽ പലപ്പോഴും തുറന്നെഴുതിയ കാര്യം. ചെയ്ത അധാർമികതയെ ന്യായീകരിക്കുന്നത് ധിക്കാരവുമാകുന്നു. കാരണം, സമൂഹവുമായി ബന്ധപ്പെട്ട മേഖലയിൽ അതിന്റെ പ്രത്യാഘാ തം വലുതായിരിക്കും.

സമൂഹവുമായി ഏറ്റുമുട്ടാത്തതും അവർക്ക് പ്രയാസമുണ്ടാക്കാത്തതുമായ മേഖല യെ സംബന്ധിച്ചിടത്തോളം അത് അത്രമാത്രം പ്രശ്നമുണ്ടാകുന്നതല്ല. ശരി തന്നെ. പക്ഷേ, വ്യക്തിയായാലും സമൂഹമായാലും മൂല്യവും നീതിയുമൊക്കെ നിർണയിച്ചത് സ്രഷ്ടാവാണ്. അതിൽ കൈകടത്താൻ നമുക്കവകാശമില്ല. ജനങ്ങളോട് പ്രതിപത്തിയും അൽപമൊക്കെ ധാർമിക ബോധവും ഉള്ളവനിൽനിന്ന് മൂല്യങ്ങളെ തിരുത്തുകയും മറ്റുള്ളവരുടെ അവകാശ ങ്ങളെ അപഹരിക്കുകയും ചെയ്യുന്ന പാതകം ഉണ്ടാകാവതല്ല.

അർപ്പിക്കപ്പെടുന്ന ഉത്തരവാദിത്തത്തോട് വിശ്വസ്തത എന്നതാണ് പൊതുവീക്ഷ ണം. ആ കാഴ്ചപ്പാടിൽ ഏറ്റെടുക്കുന്ന ഉത്തരവാദിത്തങ്ങളെ പിന്നീട് സ്വേഛക്ക് വിധേ യമായി കൈകാര്യം ചെയ്യുന്നതിനെയാണ് വിശ്വാസവഞ്ചന എന്നു പറയുന്നത്. അത് ഏത വസ്ഥയിൽ സംഭവിച്ചാലും നിയതിയോടുള്ള നേർസമീപനമല്ല അത്.

തെറ്റ് ചെയ്യാത്തവരാരും മനുഷ്യകുലത്തിലില്ല. സ്വന്തം മേഖലയിൽ അബദ്ധം പിണ യാതിരിക്കലും ചെയ്യുന്നത് അബദ്ധമാണെന്നറിഞ്ഞാൽ അതിൽനിന്ന് ഖേദപൂർവം പിന്മാറലു മാകുന്ന വിവേകം. ഇന്ന് ഇല്ലാതെപോയതും അതുതന്നെയാകുന്നു.

ജീവിതത്തിൽ സൂക്ഷ്മതയും നീതിയും പാലിക്കാൻ ഓരോ വ്യക്തിയും കടപ്പെട്ടവ നാകുന്നു. വ്യക്തിയുടെ സ്ഥാനപദവിക്കനുസൃതമായി അതിൽ ഏറ്റപ്പറ്റുകളുണ്ടാകും. ഭരിക്കുന്ന വനും നേതാവും കുടുംബനാഥനും ഇക്കാര്യത്തിൽ ഉത്തരവാദിത്തം കൂടുതലുള്ളവരാകുന്നു. അവരിൽ സംഭവിക്കുന്ന വൈകല്യങ്ങൾ സമൂഹത്തിൽ മുഴച്ചുനിൽക്കും. മറ്റെല്ലാവരെക്കാളും അവർക്കു തന്നെയാണ് അക്കാര്യത്തിൽ ധാരണ വേണ്ടത്. അതിന്റെ അഭാവത്തിൽ അരക്ഷി തത്വം അവരറിയാതെ ഉടലെടുക്കും.

മനുഷ്യജീവിതം തനിക്ക് ചുറ്റുമുള്ള പലതുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. ഈ ബന്ധങ്ങൾ ജീവിതത്തിന്റെ സുരക്ഷക്കും സംതുലനത്തിനും നിശ്ചയിക്കപ്പെട്ടതാകുന്നു. ഇതര മനുഷ്യരുമായുള്ള ബന്ധങ്ങളാണ് അതിൽ പ്രധാനം. അവിടെ നീതിപൂർവകമല്ലാത്ത വിധ ത്തിൽ ഏതെങ്കിലും വികാരങ്ങൾ കടന്നുവരുന്നത് ആശവഹമല്ല. അവകാശനിഷേധത്തിന്റെ യും പക്ഷപാതിത്വത്തിന്റെയും ചേരിതിരിവിന്റെയും മാനദണ്ഡങ്ങൾ അവിടെ വെച്ചുപുലർ ത്താവതുമല്ല. ജനങ്ങളുമായി ബന്ധപ്പെട്ട തന്റെ ഉത്തരവാദിത്തത്തിൽ ക്രമക്കേടുകളുണ്ടാക്കു ന്നത് അവരുടെ അവകാശങ്ങളെ നിഷേധിക്കുന്നതിനു തുല്യമാണ്. പ്രത്യയശാസ്ത്രങ്ങളുടെ പേരിൽ അവയെ ന്യായീകരിക്കുന്നതാകട്ടെ ധാർമികമൂല്യങ്ങളോടുള്ള വെല്ലുവിളിയാ ണ്. താൻ ആക്ഷേപിക്കുന്നവരെക്കാൾ കൂടുതൽ ആക്ഷേപിക്കപ്പെടാൻ അത് കാരണമാകും. കാരണം പ്രത്യയശാസ്ത്രത്തിന്റെ പേരിൽ തന്റെ പിന്നിൽ അണിചേർന്ന് തന്നെ ന്യായീക രിക്കുന്നവർ ബുദ്ധിപൂർവകമായല്ല, വൈകാരികമായാണ് കാര്യങ്ങളെ കാണുക.

നാം നമ്മുടേതെന്ന് അഭിമാനിക്കുകയും ധീരതയോടെ നിലകൊള്ളുകയും ചെയ്യുന്ന ആദർശത്തിന്റെ ഭാഗമാണ് ആ ആദർശം കടന്നുചെല്ലുന്ന മേഖലകളിലെല്ലാം ധാർമികത മുറുകെപിടിക്കുകയെന്നത്. അധാർമികതക്ക് ജനപിന്തുണയുണ്ടായാലും അധികം കാലം രംഗത്ത് പിടിച്ചുനിൽക്കാനാകില്ല. ആദർശവിശുദ്ധിയുണ്ടെങ്കിൽ അവിടെ നന്മ ചെയ്യാനും തെറ്റ് ചെയ്യാതിരിക്കാനുമുള്ള മനക്കരുത്തുണ്ടാകണം. അതിന്റെ പേരിൽ എന്ത് നഷ്ടമുണ്ടായാ ലും ശരി. ജനം ആക്ഷേപിക്കട്ടെ, സാരമില്ല.

തെറ്റ് ചെയ്ത് ആക്ഷേപിക്കപ്പെടുന്നതിനെക്കാൾ മധുരമാണ് നന്മയുടെ പേരിൽ ആക്ഷേപിക്കപ്പെടുന്നത്. നന്മയുടെ പേരിൽ ആക്ഷേപകരെ വകവെക്കാത്തവരാണ് ധീര ന്മാർ. പക്ഷേ, രഹസ്യമായും പരസ്യമായും തന്റെ കൈ ശുദ്ധമാകണമെന്ന് മാത്രം. കാരണം തന്റെ ചില വാക്കുകൾ, ചില രഹസ്യനീക്കങ്ങൾ, പദ്ധതികൾ എന്നിവയൊക്കെ സംഘർഷ ത്തിനും അതുവഴി ഖേദത്തിനും കാരണമാകും. താൻ സ്വയമല്ല അവിടെ പരാജയപ്പെടുന്നത് തന്റെ ആദർശം കൂടിയായിരിക്കും.